**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2170** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾക്ക് അനുവദിക്കപ്പെട്ട അനുപാതം എത്രയാണെന്ന് അറിയിക്കാമോ; | (എ) | ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-I, ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾക്ക് 1 : 2 അനുപാതത്തിലാണ് തസ്തികകൾ അനുവദിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത അനുപാതത്തിലാണോ നിലവിൽ തസ്തികകൾ ഉള്ളതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത അനുപാതത്തിലാണ് നിലവിൽ തസ്തികകൾ ഉള്ളത് |
| (സി) | ഫാർമസിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | 31.07.2013 വരെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. |
| (ഡി) | സീനിയോരിറ്റി ലിസ്റ്റ് കൃത്യമായ കാലയളവുകളിൽ പുതുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ഫാർമസിസ്റ്റ് നിയമനം ജില്ലാതല നിയമനമായതിനാൽ ഫാർമസിസ്റ്റുമാരുടെ സർവ്വീസ് വിവരങ്ങൾ പരിശോധിച്ച് ക്രോഡീകരിക്കേണ്ടതുണ്ട്. 01.08.2013 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | സീനിയോരിറ്റി ലിസ്റ്റും റേഷ്യോ പ്രമോഷനും അവസാനമായി നടപ്പിലാക്കി ഉത്തരവായത് എന്നാണെന്ന് അറിയിക്കുമോ? | (ഇ) | ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 16.06.2014 ലെ ഉത്തരവ് പ്രകാരം അവസാനമായി അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 03.03.2018 ലെ ഉത്തരവ് പ്രകാരം അവസാനമായി റേഷ്യോ പ്രൊമോഷനും നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ